(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ.റ്റി.വി.എം.ജി.പി /1936 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

തീയതി:15.11.2016, ഫോൺ നം. 0471 2331231,

E.Mail- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ആര്യൻകോട് ഗ്രാമ പഞ്ചായത്ത്,

സർ,

വിഷയം : ആര്യൻകോട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഒപ്പ്.
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>പകർപ്പ്:</u>

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

*ബി.എൽ. 16.11.2016*

നം കെ.എസ്.എ.റ്റി.വി.എം.ജി.പി. / 1936/2016 തീയതി: 15.11.2016

<u>തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )*

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015തീയതി മുതൽ 31.03.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,

വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .
ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 20എണ്ണം നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ, (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.09.2016 മുതൽ 30.9.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ . ബി.ഗോപകുമാർ, (ഓഡിറ്റ് ഓഫീസർ)

ശ്രീ. സഞ്ജയ്. പി.ഐ, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി ജയലക്ഷ്മി.ആർ, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ശ്രീമതി .സീന, (സീനിയർ ഗ്രേഡ് ഓഡിറ്റർ) (24.09.2016 മുതൽ)

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ഡോ.സി.എസ്.ഗീതാരാജശേഖരൻ, 01-04-2015 മുതൽ 31.3.16 വരെ

സെക്രട്ടറി : ശ്രീ.എസ്.ഒ.ഷാജികുമാർ, 01.4.2015മുതൽ 31.03.16 വരെ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ചിത്ര.എസ്.റ്റി.സി.21/413,നെട്ടുകോട് റോഡ്, കരമന,തിരുവനന്തപുരം | 01-04-2015 മുതൽ 14-06-2015 വരെ |
| | ശ്രീമതി.ശ്രീലത,ശ്രീപതി ഭവൻ, റ്റി.സി.53/935(3),കുരുമി, നേമം, തിരുവനന്തപുരം | 15.06.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.കോലപ്പൻ.2/73സി.വെസ്റ്റ്ടിട്ടി സ്ട്രീറ്റ്,പാറക്കായ്.പി.ഒ കന്യാകുമാരി 629601 | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലാൽസിറാണി എസ്.എൽ.ഭവൻ,പ്ലാവൂർ,ആമച്ചൽ പി.ഒ. | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ. (എ)സർക്കിൾ | ശ്രീ.രാജേഷ്.എം.ഉത്ര,വഴുതൂർക്കോണ,ശാന്തൻമൂല, മലയിൻകീഴ്.പി.ഒ | 01-04-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| | | |
| വി.ഇ.ഒ (ബി) സർക്കിൾ | ശ്രീ.രഞ്ചുരവീന്ദ്രൻ<br>മാത്തൂർകോണം,കല്ലിയൂർ,പള്ളിച്ചൽ പി.ഒ | 01-04-2015 മുതൽ<br>09-09-2015 വരെ |
| | ശ്രീ. മഹേഷ്.എസ്.<br>പ്ലാവിള പുത്തൻവീട്, അലൈറ്റി, പുളിയറക്കോണം | 09-09-2015 മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി,ചെമ്പൂര് | ഡോ.മഞ്ചു മോഹൻദാസ്<br>ബെദ്സെയ്ദ,ചാമവിള,പൂവച്ചൽ കാട്ടാക്കട | 01-04-2015 മുതൽ 31-03-2016 വരെ |
| ഹെഡ്മാസ്റ്റർ<br>ജി.എച്ച്.എസ്.എസ്,<br>മൈലച്ചൽ | ശ്രീ.രാജു.വി, മൂശാരിവിള,പള്ളിക്കൽ<br>നൂറനാട്,പത്തനംത്തിട്ട | 01-04-2015 മുതൽ 17.09.15 വരെ |
| | ശ്രീമതി.മായ .പി.<br>ഉഷ സദനം,ഉൂങ്ങാമ്പാറ,കണ്ടള പി.ഒ | 18.09.15മുതൽ 31-03-2016 വരെ |
| അസി.എൻജിനീയർ | ശ്രീ.രാജേഷ്.സി.ആർ, രേവതി കൊട്ടുങ്ങാനൂർ,<br>കലശേഖരം.പി.ഒ തിരുവനന്തപുരം | 01-04-2015 മുതൽ 18-09-2015 വരെ |
| | ശ്രീമതി.മിത്രു.വി.രവീന്ദ്രൻ<br>സൗപർണ്ണചശ,വെള്ളച്ചാൽ,കോടക്കാട്.പി.ഒ,കാസർഗോഡ് | 06.10.2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.എസ്.ഒ.ഷാജികമാർ,എസ്.എസ്.ഭവൻ<br>തിരുപുറം,തിരുപുറം പി.ഒ | 01-04-2015 മുതൽ<br>31-03-2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2 | | |
| 12 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-1 | |
| | ഭാഗം 3 | | |
| 13 | എസ്.എൽ.ഐ., ജി.ഐ.എസ്. പ്രീമിയം തുക അടവാക്കൽ - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-1 | |
| 14 | കുടിവെള്ള പദ്ധതികൾക്കായുള്ള വൈദ്യുത ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കുവരുത്തുന്നു | 3-2 | |
| 15 | പ്രോജക്ട് പുതുക്കി അംഗീകാരം വാങ്ങാതെ അധികരിച്ച് ചെലവ് ചെയ്തു | 3-3 | |

| | | | |
|---|---|---|---|
| 16 | പത്രപ്പരസ്യങ്ങൾക്ക് അനവദനീയമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല | 3-4 | |
| 17 | ഹോമിയോ മരുന്നിന് പണം ചെലവഴിക്കൽ - മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കണം | 3-5 | |
| 18 | ശിങ്കാരി മേളം പരിശീലനം-വികസന ഫണ്ട് ഉപയോഗിച്ചത് അനവദനീയമല്ല. | 3-6 | |
| 19 | പദ്ധതി പൂർണ്ണമായി നടപ്പിലാക്കിയില്ല-70550/- രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 20 | അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ- 16723 രൂപ നിരാകരിക്കുന്നു. | 3-8 | |
| 21 | ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-9 | |
| | ഭാഗം 4 | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24.03.2015ലെ I(i)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 152762814 /- രൂപ വരവും 150593405 /-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 61036995 /-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 50852460 /-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 4.7.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015-16 | 30.06.2016 | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 20708131

വരവ് : 40328864

ആകെ : 61036995

ചെലവ് : 50852460

നീക്കിയിരിപ്പ് : 10184535

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിച്ച തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| വികസനഫണ്ട് പൊതുവിഭാഗം | 3389863 | 2654614 | 9166227 | 15210704 | 11826663 | *3384041 | |
| വികസനഫണ്ട് എസ്.സി.പി. | 1557311 | 1856658 | -1004011 | 2409958 | 2409958 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 64000 | | 64000 | 64000 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 963267 | 5075659 | | 6038926 | 6038926 | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 307872 | 3726765 | | 4034637 | 4034637 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3304824 | 5450995 | -4275470 | 4480349 | 4480349 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 4186382 | 3282095 | -3886746 | 3581731 | 3581731 | 0 | |
| എം.എൻ.ആർ .ഇ. ജി.എസ് | 269514 | 677966 | | 947480 | 945259 | 2221 | |
| ബി ഫണ്ട് | 0 | 1422960 | | 1422960 | 1422960 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3254178 | 7244038 | | 10498216 | 5128874 | 5369342 | |
| തനതു ഫണ്ട് | 2843901 | 8409041 | | 11252942 | 10501677 | 751265 | |
| മറ്റുവരവുകൾ | 631019 | 464073 | | 1095092 | 417426 | 677666 | |
| ആകെ | 20708131 | 40328864 | | 61036995 | 50852460 | 10184535 | |

* 3384041/- രൂപ ട്രഷറിയിൽ 31.3.2016 വരെ നീക്കി ബാക്കിയായിട്ടുണ്ട്.
അപാകത - ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 46923005 | 129 | 32436264 | 0 | 56 | 70% |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

# 1-7 തനതു വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വിവിധ ഇനങ്ങളിൽ കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| വിനോദ നികുതി | 0 | 0 | 0 |
| തൊഴിൽ നികുതി | 891770 | 879973 | (-)11797 |
| കെട്ടിട നികുതി | 1749375 | 1264239 | (-)485236 |
| നികുതിയേതര വരവുകൾ | | | |
| ലേലം | 209175 | 361075 | (+)151900 |
| ഷോപ്പിംഗ് കോംപ്ലക്സ്. | 86237 | 98254 | ( +)12017 |
| ഡി&ഒ ലൈസൻസ്. | 74700 | 78822 | (+)4122 |
| മറ്റ് വരവുകൾ. | 548595 | 958033 | 409438 |
| ആകെ | 3559852 | 3640396 | 80544 |

പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനങ്ങളായ തൊഴിൽ നികുതി, കെട്ടിട നികുതി എന്നിവയിൽ വന്ന കുറവ് ഭരണസമിതി ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് ഊന്നൽ നൽകേണ്ടതാണ്. പരസ്യ നികുതി, മൊബൈൽ ടവറുകൾക്ക് വസ്തു നികുതി എന്നിവ ഈടാക്കിയും, ഡി&ഒ ലൈസൻസ് ഫീ കൃത്യമായി ഈടാക്കിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1062960 | 553 |
| കർഷക തൊഴിലാളി പെൻഷൻ | 7926450 | 961 |
| വിധവാപെൻഷൻ | 11713120 | 1227 |
| വാർദ്ധക്യകാല പെൻഷൻ | 6484860 | 1056 |
| വികലാംഗ പെൻഷൻ | 4070045 | 376 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 360000 | 12 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 270040 | 27 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2016രാവിലെ 10.30മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46,223/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ രജിസ്റ്ററുകളെല്ലാം തന്നെ നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഡി & ഒ ലൈസൻസിനുള്ള മിക്ക അപേക്ഷകളിലും സെക്രട്ടറി ഒപ്പ്
രേഖപ്പെടുത്തിക്കാണുന്നില്ല. തൊഴിൽ നികുതിയുടെയും കെട്ടിട നികുതിയുടെയും വരുമാനത്തിൽ വന്ന കുറവ് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.(വിശദ വിവരം ചുവടെ ചേർക്കുന്നു).പരസ്യനികുതി ബൈലോ 22/03/2016 ലെ XVI(2) നമ്പർ തീരുമാനപ്രകാരം പാസാക്കി ബഹു.
ഡിഡിപി മുഖാന്തിരം പഞ്ചായത്ത് ഡയറക്ടർക്ക് അംഗീകാരത്തിനായി നൽകിയതായി ഓഡിറ്റ് എൻക്വയറി നം 14 പ്രകാരം അറിയിച്ചിട്ടുണ്ട്. പരസ്യനികുതി ബൈലോ പാസാക്കുന്ന മുറയ്ക്ക് ആയത് ഈടാക്കി പഞ്ചായത്തിൻെറ തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. ചെമ്പൂര് മാർക്കറ്റിനകത്തെ നന്മ സ്റ്റോറുകളുടെ
വാടക പി.ഡബ്ല്യു.ഡി യിൽ നിന്നും വാടക നിശ്ചയിച്ച് നൽകുന്ന മുറയ്ക്ക് ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം 15പ്രകാരം അറിയിച്ചിട്ടുണ്ട്. വാടക ഈടാക്കി പഞ്ചായത്തിൻെറ തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.08.2016 മുതൽ 10-08-2016 വരെ | 01/07/2016 മുതൽ 31/07/2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.12.2005 മുതൽ 31.12.2005 വരെ | 1997-98 മുതൽ 2004-05 വരെ | 21.02.2006 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും 1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. എന്നാൽ ആര്യങ്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ 4 എണ്ണവും 5 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ 3 എണ്ണവും മാത്രമാണ് രജിസ്ട്രേഷൻ പുതിക്കിയിട്ടുള്ളത്. ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ പുതിക്കുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം 7 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എൽ.ഐ., ജി.ഐ.എസ്. പ്രീമിയം തുക അടവാക്കൽ - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

സ.ഉ. (പി)104/12ധന തീയതി 9/2/12, സ.ഉ. (പി)നം.381/2011/ധന തീയതി 6/9/11 എന്നിവ പ്രകാരം ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്. പ്രീമിയം തുകകൾ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ് വിഹിതങ്ങൾ മേൽ ഉത്തരവുകൾ അനുസരിച്ച് പിരിച്ച് അടവാക്കുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം (പ്രീ റിവൈസ്ഡ്) | ജി.ഐ.എസ് | | എസ്.എൽ.ഐ | |
|---|---|---|---|---|---|
| | | നല്കുന്നത് | നല്കേണ്ടത് | നല്കുന്നത് | നല്കേണ്ടത് |
| ജൂലി ലോറൻസ്<br>ഹെഡ് ക്ലർക്ക് | 16580 | 100 | 200 | ബാധകമല്ല | |
| സുനിൽകുമാർ.എം<br>സീനി.ക്ലർക്ക് | 14980 | 50 | 200 | 100 | 225 |
| ജയലക്ഷ്മി.ഒ.എസ്.<br>സീനി.ക്ലർക്ക് | 25200 | 200 | 250 | 300 | 375 |
| ഷൈജു.വി.എസ്<br>ക്ലർക്ക് | 13900 | ബാധകമല്ല | | 200 | 225 |
| ബിനുകുമാർ<br>ക്ലർക്ക് | 13540 | 150 | 200 | ബാധകമല്ല | |
| ബിനു ആശാരി<br>ക്ലർക്ക് | 10210 | *ഈടാക്കുന്നില്ല | | *ഈടാക്കുന്നില്ല | |
| അഞ്ജു. ജെ.<br>ക്ലർക്ക് | 20550 | ബാധകമല്ല | | *ഈടാക്കുന്നില്ല | |
| വി.ഷീബ<br>ഒ.എ | 10210 | 150 | 200 | 200 | 225 |
| ഷൈജു.എസ്<br>സീനി.ക്ലർക്ക് | 9440 | 150 | 200 | 200 | 225 |

(*ടിയാളുകൾ 2015-16വർഷം പുതിയതായി സേവനത്തിൽ പ്രവേശിച്ചതാണെന്നും നിലവിൽ അവരിൽ നിന്നും പ്രീമിയം ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.)

മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 5 ന് ഗവ. ഉത്തരവ് പ്രകാരമുള്ള നിരക്കിൽ പ്രീമിയം തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 കുടിവെള്ള പദ്ധതികൾക്കായുള്ള വൈദ്യുത ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കുവരുത്തുന്നു

ആര്യൻകോട് പഞ്ചായത്തിലെ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. സ.ഉ.(സാധാ)1275/2009/തസ്വഭവ തി. 30.05.09 ഉത്തരവ് അനുസരിച്ച് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് നല്കേണ്ടത് അതാത്

ഗുണഭോക്തൃസമിതികളാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

കുറ്റിയായണിക്കാട് കുടിവെള്ള പദ്ധതി :

| വൗച്ചർ നം./തിയതി | തുക | ചെക്ക് നം./തിയതി | അടവാക്കിയ മാസം |
|---|---|---|---|
| 21500030/11.04.15 | 115 | ലഭ്യമല്ല | ഏപ്രിൽ |
| 21500105/11.05.15 | 115 | 257/11.05.15 | മേയ് |
| 21500197/15.06.15 | 115 | 308/15.06.15 | ജൂൺ |
| 21500215/22.06.15 | 10 | 31/22.06.15 | ജൂൺ(അധിക ഡെപ്പോസിറ്റ്) |
| 21500292/15.07.15 | 115 | 337/15.07.15 | ജൂലൈ |
| 21500357/12.08.15 | 115 | 1201006/12.08.15 | ഓഗസ്റ്റ് |
| 21500832/14.01.16 | 115 | 773/13.01.16 | ജനുവരി |
| 21500920/11.02.16 | 145 | 813/08.02.16 | ഫെബ്രുവരി |
| 21501020/18.03.16 | 115 | ലഭ്യമല്ല | മാർച്ച് |
| ആകെ | 960 | | |

ഇടവാൽ കുടിവെള്ള പദ്ധതി :

| വൗച്ചർ നം./തിയതി | തുക | ചെക്ക് നം./തിയതി | അടവാക്കിയ മാസം |
|---|---|---|---|
| 21500031/11.04.15 | 687 | ലഭ്യമല്ല | ഏപ്രിൽ |
| 21500104/11.0515 | 687 | 257/11.05.15 | മേയ് |
| 21500193/15.06.15 | 687 | 308/15.06.15 | ജൂൺ |
| 21500214/22.06.15 | 186 | 31/22.06.15 | ജൂൺ (അധിക ഡെപ്പോസിറ്റ്) |
| 21500445/14.09.15 | 2061 | 397/14.09.15 | സെപ്റ്റംബർ |
| 21500616/17.11.15 | 1374 | 557/12.11.15 | നവംബർ |
| 21500831/14.01.16 | 687 | 773/13.01.16 | ജനുവരി |
| 21500919/11.02.16 | 687 | 813/08.02.16 | ഫെബ്രുവരി |

| | | | |
|---|---|---|---|
| 21501023/18.03.16 | 687 | ലഭ്യമല്ല | മാർച്ച് |
| ആകെ | 7743 | | |

പുല്ലച്ചൽകോണം കടിവെള്ള പദ്ധതി :

| വൗച്ചർ നം./തിയതി | തുക | ചെക്ക് നം./തിയതി | അടവാക്കിയ മാസം |
|---|---|---|---|
| 21500032/11.04.15 | 97 | ലഭ്യമല്ല | ഏപ്രിൽ |
| 21500103/11.0515 | 97 | 257/11.05.15 | മേയ് |
| 21500191/15.06.15 | 97 | 308/15.06.15 | ജ്ജൂൺ |
| 21500359/12.08.15 | 194 | 1201006/12.08.15 | ഓഗസ്റ്റ് |
| 21500447/14.09.15 | 97 | 397/14.09.15 | സെപ്റ്റംബർ |
| 21500618/17.11.15 | 194 | 557/12.11.15 | നവംബർ |
| 21500829/14.01.16 | 97 | 773/13.01.16 | ജനവരി |
| 21501024/18.03.16 | 97 | ലഭ്യമല്ല | മാർച്ച് |
| ആകെ | 970 | | |

മേൽ വിവരത്തെ കറിച്ച് ഓഡിറ്റ് എൻക്വയറി നം.4 നല്കിയതിൽ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ചാണ് മേൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും, 28.06.16 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ മേൽ വിഷയം ചർച്ച ചെയ്യുകയും, ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് സമിതിയെക്കൊണ്ട് വൈദ്യുതി ചാർജ് ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 3-3 പ്രോജക്ട് പുതുക്കി അംഗീകാരം വാങ്ങതെ അധികരിച്ച് ചെലവ് ചെയ്തു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ, വകയിരുത്തിയ ഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന് പ്രോജക്ട് പുതുക്കി അംഗീകാരം നേടിയിട്ടില്ല. സബ്സിഡി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്) 225/2012/lsgd/18.08.2012 പ്രകാരം പ്രൊജക്ടിൽ വകയിരുത്തിയ തുകയിൽ അധികരിച്ച് ചെലവഴിക്കുമ്പോൾ പ്രൊജക്ട് പുതുക്കി അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ താഴെ ചേർത്തിരിക്കുന്ന പദ്ധതികൾക്കായി അടങ്കലിൽ നിന്നും അധികം തുക ചെലവഴിച്ചതിന് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല.

| നം/പ്രോജക്ട്. | അടങ്കൽ/ഫണ്ട് | ചെലവ്/ബിൽ നം./തിയതി |
|---|---|---|
| 161/15-16/ ലൈൻ എക്സ്റ്റൻഷൻ | 325000/ധനകാര്യ കമ്മിഷൻ ഗ്രാന്റ് | i) 43650/- bill 8/15-16 dt 27.07.15<br>ii)281350/- bill 7/15-16 dt 27.07.15<br>iii)7700/-(തനത് ഫണ്ട്) |
| 189/15-16/ ഇല.പോസ്റ്റ് ഷിഫിറ്റിംഗ് | 50000/വികസന ഫണ്ട് - ജനറൽ | i)50000/- bill 23/15-16 dt 14.10.15<br>ii)2909/-(തനത് ഫണ്ട്)<br>dd 314752/19.10.2015 |

| | | |
|---|---|---|
| | | |

കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് തുക പദ്ധതി തുകയെക്കാൾ കൂടുതലായതിനാലാണ് പഞ്ചായത്ത്കമ്മിറ്റിയുടെ 03.07.15 ലെ 1(17) നം തീരുമാന പ്രകാരം തനത് ഫണ്ടിൽ നിന്നും 7700 രൂപയും, 29.09.15 ലെ 1(3) നം തീരുമാന പ്രകാരം തനത് ഫണ്ടിൽ നിന്നും 2909 രൂപയും അനുവദിച്ചതെന്ന് മേൽ വിഷയം സൂചിപ്പിച്ച കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പത്രപ്പരസ്യങ്ങൾക്ക് അനുവദനീയമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല

സ.ഉ (സാധാ)01/2011/P&ARD തി. 04.01.11 അനുസരിച്ച് പത്രങ്ങൾക്ക് പരസ്യം നല്കുമ്പോൾ 15% ഡിസ്കൗണ്ട് ലഭിക്കേണ്ടതാണ്. ആയത് പഞ്ചായത്തിൽ 2015-16 വർഷം വിവിധ വിഷയങ്ങൾക്കായി നല്കിയ പത്രപ്പരസ്യങ്ങൾക്ക് ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പത്രത്തിന്റെ പേര് | നല്കിയതുക/ചെലവ് വിവരം |
|---|---|
| മാതൃഭൂമി | 9920/bill no. 54-15-16 dt 28.03.16 for Rs. 1,50000 |
| മാതൃഭൂമി | 94000/ch.no. 847 dt.11.03.16 |
| മാതൃഭൂമി | 7920/bill no. 54-15-16 dt 28.03.16 for Rs. 1,50000 |
| മാതൃഭൂമി | 11000/bill no. 54-15-16 dt 28.03.16 for Rs. 1,50000 |
| മാതൃഭൂമി | 12400/bill no. 54-15-16 dt 28.03.16 for Rs. 1,50000 |
| കേരള കൗമുദി | 8800/bill no. 54-15-16 dt 28.03.16 for Rs. 1,50000 |
| കേരള കൗമുദി | 6600/ch.no. 88079 dt.15.09.15 |
| ദി ഹിന്ദു | 7920/bill no. 54-15-16 dt 28.03.16 for Rs. 1,50000 |
| ദി ഹിന്ദു | 13200/bill no. 54-15-16 dt 28.03.16 for Rs. 1,50000 |

മേൽ വിഷയത്തിന് വിശദീകരണം ലഭ്യമാക്കാനായി എൻക്വയറി നല്കിയതിന് ഫുൾ പേജോ, അതു പോലുള്ള വലിയ പരസ്യങ്ങൾക്കോ മാത്രമേ ഡിസ്കൗണ്ട് നല്കുകയുള്ളുവെന്ന് പത്ര സ്ഥാപനങ്ങൾ അറിയിച്ചതായി മറുപടി നല്കിയിട്ടുണ്ട്. സ.ഉ (പി)01/2004 /I&PR തി. 01.01.04 ഉത്തരവനുസരിച്ച് വിൻഡോ പരസ്യങ്ങൾ മാത്രമേ പത്രങ്ങളിൽ പ്രസിദ്ധീകരിക്കാവൂ. ആയതിനാൽ ഭാവിയിൽ പത്രസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരസ്യങ്ങൾക്ക് അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ഹോമിയോ മരുന്നിന് പണം ചെലവഴിക്കൽ - മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കണം

പ്രോജക്ട് നം - SO 104/16

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ - 150000/-രൂപ (മെയിൻറനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 150000/-രൂപ

ഡി.ഡി നം. - 510575 തീയതി 26/02/2016

ബിൽ നം. - 1/2015-16 തീയതി 26/02/2016

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിലേയ്ക്കായി 26/2/2016 -ൽ DD No 510575 പ്രകാരം Kerala State Homoeopathic CO-OP Pharmacy Ltd Alappuzha എന്ന സ്ഥാപനത്തിന 1,50,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ മരുന്ന ഹാജരാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ അടിയന്തിരമായി

ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ശിങ്കാരി മേളം പരിശീലനം - വികസന ഫണ്ട് ഉപയോഗിച്ചത് അനുവദനീയമല്ല.

പ്രോജ.നമ്പർ : S0036/16-02

പ്രോ. പേര് : ശിങ്കാരിമേളം (വനിത)

ബിൽ നമ്പർ : 13/15/16

തീയതി : 23/7/2015

തുക : 96,000/-

ബിൽ നമ്പർ : 13/15/16-03

തീയതി : 9/9/2015

തുക : 149000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 23/7/2015ലെ I (12) തീരുമാനപ്രകാരം 149000/- രൂപയ്ക്ക് 5 ചെണ്ട, 5 വീക്ക് ചെണ്ട,5ഇലത്താളം എന്നിവ വാങ്ങുകയും 96,000/-രൂപ ചെലവഴിച്ച് 24 പേരടങ്ങുന്ന ഒരു ട്രൂപ്പിനു പരിശീലനം നൽകുകയും ചെയ്യുകയുണ്ടായി . മേൽപദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ കരാർ പ്രകാരം പരിശീലനം ലഭ്യമാക്കിയ 24 പേരെ ഉൾപ്പെടുത്തി കുടുംബശ്രീ - ശിങ്കാരിമേളം , ആര്യങ്കോട് എന്ന പേരിൽ രജിസ്റ്റർ ചെയ്തു കൊള്ളാമെന്നും, മേൽപറഞ്ഞ വാദ്യോപകരണങ്ങൾ കുടുംബശ്രീ സി.ഡി.എസ്. മുഖേന പരിപാടികൾ ബുക്ക് ചെയ്തുകൊള്ളാമെന്നും, ഒരു വിഹിതം സി.ഡി.എസ് തന്നത് ഫണ്ടിലേക്ക് വകയിരുത്തികൊള്ളാമെന്നും നിഷ്കർഷിച്ചാണ് പദ്ധതി രൂപീകരിച്ചത്. എന്നാൽ പദ്ധതി പൂർത്തീകരിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും, ഒരു പരിപാടി പോലും ടി സംഘം അവതരിപ്പിക്കയുണ്ടായില്ല. സെക്രട്ടറിയുടെയും, പഞ്ചായത്ത് കമ്മറ്റിയുടെയും അംഗീകാരത്തോടെ നടപ്പിലാക്കിയ പ്രോജക്ടിനു നാളിതുവരെ പഞ്ചായത്തിൽ രജിസ്ട്രേഷൻ നൽകുകയോ, സംഘത്തിന്റെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് രൂപീകരിക്കുകയോ ചെയ്യാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല പ്രസ്തുത പരിപാടിയ്ക്കായി വികസന ഫണ്ട് ഉപയോഗിച്ചത് ഫണ്ട് വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

## 3-7 പദ്ധതി പൂർണ്ണമായി നടപ്പിലാക്കിയില്ല -70550 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോ.ജ.നമ്പർ : 153/2016

പ്രോജ. പേര് : പട്ടിക വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

ബിൽ നമ്പർ : 2/15-16

തീയതി : 13.10.2015

തുക :274572/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

പ്രോജക്ട് നം. 153/2016 പ്രകാരം 60 കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യാനായി തീരുമാനിച്ചിരുന്നെങ്കിലും 43 പേർക്ക് മാത്രം വിതരണം ചെയ്യുകയും ബാക്കി 17 എണ്ണം ലിസ്റ്റിൽ ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ ഹൈസ്കൂൾ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു. ബാക്കിയുള്ള സൈക്കിൾ എത്രയും വേഗം അർഹരായ ഗുണഭോക്താക്കൾക്ക് നൽകി ഓഡിറ്റിനെ അറിയിക്കുന്നതുവരെ (4150 x 17) 70550/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വരും വർഷങ്ങളിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പ്രോജക്ട് നടപ്പിലാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

## 3-8 അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ- 16723 രൂപ നിരാകരിക്കുന്നു.

1. ബ്രിക്ക് വർക്കിന് അധിക അളവിൽ തുക നല്കി - 5216.5 രൂപ നിരാകരിക്കുന്നു.

പ്രോജക്ട് : Construction of staircase room for Panchayat office

Area 40 sq m

Estimate amount : Rs.726000

ഭരണാനുമതി നം./തീയതി : 1/30.03.15

Amount paid to Chandran : Rs 360081/- vide DD No.512236/5.4.16

പ്രസ്തുത പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

M Book no 586/15-16 Page no 27 -Brick work

Dismantelled window portion brick work ന 2x(2.5x0.23x 1.5)=1.73m എന്ന് കണക്കാക്കിയിരിക്കുന്നു.എന്നാൽ M Book Page no 1 പ്രകാരം ജനലിൻെറ നീളവും വീതിയും 1.50x1.50 എന്നാണ് കാണിച്ചിരിക്കുന്നത്.ആയതിനാൽ dismantelled window portion ൻെറ അനുവദനീയമായ അളവ് 2x(1.50x0.23x 1.5)=1.035m ആണ്.

ഈ ഇനത്തിൽ 0.695 m അധികം കാണിച്ചിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ ആഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ 3 ക്ലാമ്പുകൾ കൂടി ഇടിച്ച് മാറ്റേണ്ടതായി വന്നതു കൊണ്ടാണ് 2.50 മീറ്റർ അളവിൽ പണി ചെയ്യേണ്ടിവന്നത് എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ടി അളവ് അധികമായതിനാൽ ടി ഇനത്തിനു നൽകിയ നിരക്ക് 7505.73/m ആണ്. (M book page no 32). ഇതിൻ പ്രകാരം അധികം നൽകിയ തുക 5216.50/- രൂപ (0.695m x7505.73m) ഓഡിറ്റിൽ നിരാകരിക്കുന്നു.

2. S24/16ആശാരിവിളാകം റോഡ് സൈഡ് വാൾ നിർമ്മാണം-

ആകെ അടങ്കൽ – 89500/- രൂപ

ഭരണാനുമതി നം./തീയതി – 1(1)/17.03.15

Amount paid to convenor Rs 82525/- vide DD No.666388/14.1.16

കൺവീനർ – ശ്രീമതി സുഷമ

ടി പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

എം. ബുക്ക് നം 409/15-16 പേജ് നം 7, 11 പ്രകാരം Earth filling ന 5287/- രൂപ (14.10 ഘ.മീ @374.97/ഘ.മീ) കണക്കാക്കിയിരിക്കുന്നു.(ഇനം 5). എന്നാൽ പ്രസ്തുത പണിയിൽ ഇനം 1 earth work excavation പ്രകാരം 7.64 ഘ. മീ ലഭ്യമായിട്ടുള്ളതാണ്. Earth filling ന ഈ മണ്ണ് ഉപയോഗിച്ചതായി കാണുന്നില്ല. ആയതിനാൽ ഇനം നം 5 പണിയിൽ ആകെ അനുവദനീയമായ മണ്ണിൻെറ അളവ് 14.10-7.64 = 6.46 ഘ.മീ മാത്രമാണ്. ഇതു പ്രകാരം ആകെ അനുവദനീയമായ ചെലവ് 6.46x374.97=2422 രൂപ മാത്രമാണ്. ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ മണ്ണ് loose soil ആണെന്ന് പറയുന്നു. എന്നാൽ M book ൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറുപടി അംഗീകരിക്കുന്നില്ല. ലഭ്യമായ മണ്ണ് ഉപയോഗിക്കാതെ ആവശ്യമുള്ള മണ്ണിനു മുഴുവൻ തുക കണക്കാക്കിയതിനാൽ അധികമായി ചെലവഴിച്ച 2865/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3. പ്രോജക്ട് നം. 28/15 ചെറുവണ്ണൂർ-പശു വെണ്ണറ റോഡ് മെറ്റലിംഗ് & ടാറിംഗ്

(എം ബുക്ക് നം. 585/15-16)

ആകെ അടങ്കൽ - 591000

AS no. 1(1)/17.03.15

തുക നല്കിയത് - 158039 vide DD no. 512240 dt. 21.05.16

Total value of work done – 190408

മേല്പറഞ്ഞ പദ്ധതിയിൽ എം ബുക്ക് നം. 585/15-16 പേജ് 1,2,3 & 7 പ്രകാരം 77.32 m3 (limited to 75.989 m3) മെറ്റൽ supply stack ചെയ്തതായി കാണിക്കുകയും ആയതിന് 1m3 ന് 1934.28 രൂപ ക്രമത്തിൽ ആകെ 146984 രൂപ നല്കുകയും ഉണ്ടായി. എന്നാൽ സ്റ്റാക്ക് ചെയ്ത മെറ്റലിൽ നിന്നും7.5 ശതമാനം ശൂന്യ ഇടം കുറച്ചിട്ടില്ല. അതിൻ പ്രകാരം ആകെ അനുവദനീയമായ അളവ് 71.521 m3 (77.32 – 5.799) മാത്രമാണ്.

അധികമായി കാണിച്ചിരിക്കുന്ന അളവ് = 4.468 m3 (75.989 – 71.521)

കൂടുതലായി നല്കിയ തുക = 8642 (1934.28 x 4.468)

മെറ്റൽ സ്റ്റാക്ക് ചെയ്തതിൽ നിന്നും ശൂന്യ ഇടം (void) കുറയ്ക്കാതെ അധികമായി നല്കിയ 8642/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-9 ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം

2014-15 വർഷം ആര്യങ്കോട് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിശദാംശം ചുവടെ.

ആകെ കുടുംബങ്ങൾ : 5170

തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ : 5170

തൊഴിലിന് രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 3402

നൽകിയ തൊഴിൽ ദിനങ്ങൾ : 184037

100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ : 140

ചെലവഴിച്ച തുക

ഇ.എഫ്.എം.എസ് : 42703056

അഡ്മിൻ : 677966

ആകെ : 43381022

ഏറ്റെടുത്ത പദ്ധതികൾ : 364

നിർവ്വഹിച്ച പദ്ധതികൾ : 160

നിർവ്വഹിച്ച പദ്ധതികൾ തരം തിരിച്ച്

1.വാർഡുകളിൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂവികസനം - 48 -

2 വാർഡുകളിൽ വൾനറബിൾ കുടുംബങ്ങളുടെ ഭൂമി ഭൂവികസനം - 96 3.ഐ എ വൈ ഭവന പദ്ധതി -14

4.തോട് - 2

ആകെ -160

ഓഡിറ്റ് നിരീക്ഷണം.

1. ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നില്ല.

2. ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

3. സോഷ്യൽ ഓഡിറ്റ് നടത്തുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ലൈൻ എക്സ്റ്റൻഷൻ | Bill 07/15-16 dt. 27.07.15 for 281350<br>Bill 08/15-16 dt.27.07.15 for 43650 | 325000 | 325000 | 0 |
| KSEB | ഇല.പോസ്റ്റ് ഷിഫ്റ്റിംഗ് | 19579 (DD664562/14.10.15)<br>18775 (DD664564/14.10.15)<br>11646 (DD664564/19.10.15) | 50000 | 50000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം | സ.ഉ.(സാധാ)നം. 275/ 2010/തസ്വഭവ , തി. 27.01.2010 | 13014000 | 6507000 | 1301400 | - | 5205600 |

തൻവർഷം പലിശയിനത്തിൽ സർക്കാരിൽ നിന്നും അടവുണ്ടായിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം/തിയതി |
|---|---|---|---|---|
| 2011-12 | 2.2 | 1560 | നിത്യ.ജി.നായർ, സെക്രട്ടറി, ക്ഷീരോൽപാദക സഹകരണ സംഘം | 600/- 11505101348/06.10.2015 |
| | | | സുരേഷ് കുമാർ, ലാബ് അസിസ്റ്റന്റ്, ക്ഷീരോൽപാദക സഹകരണ സംഘം | 600/- 11505101786/ 31.10.2015 |
| | | | ഷിബു, മിൽക്ക് അസിസ്റ്റന്റ്, ക്ഷീരോൽപാദക സഹകരണ സംഘം | 360/- 11505101788/ 31.10.2015 |
| | | 5400 | വി.കുമാരി, സെക്ഷൻ ക്ലർക്ക്, ആര്യങ്കോട് പഞ്ചായത്ത് | 5400/- 11505101204/ 21.09.2015 |

| | | | | |
|---|---|---|---|---|
| | 2.3 | 2500 | ക്ഷീരോൽപാദക സഹകരണ സംഘം, നെട്ടണി | 2500/- 11505101304/ 01.10.2015 |
| 2012-13 | 2.3 | 1560 | നിത്യ.ജി.നായർ, സെക്രട്ടറി, ക്ഷീരോൽപാദക സഹകരണ സംഘം | 600/- 11505101349/ 06.10.2015 |
| | | | സുരേഷ് കുമാർ, ലാബ് അസിസ്റ്റന്റ്, ക്ഷീരോൽപാദക സഹകരണ സംഘം | 600/- 11505101787/ 31.10.2015 |
| | | | ഷിബു, മിൽക്ക് അസിസ്റ്റന്റ്, ക്ഷീരോൽപാദക സഹകരണ സംഘം | 360/- 11505101789/ 31.10.2015 |
| 2013-14 | 2.1 | 750 | പ്രമിത, wcpo, ആര്യങ്കോട് പോലീസ് സ്റ്റേഷൻ | 250/- 11505101943/01.12.2015 |
| | | | ഷീബ, wcpo, ആര്യങ്കോട് പോലീസ് സ്റ്റേഷൻ | 250/- 11505101944/01.12.2015 |
| | | | ഗ്രിഗോറിയസ്,ആര്യങ്കോട് പോലീസ് സ്റ്റേഷൻ | 250/- 11505102122/21.12.2015 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61036995 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50852460 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16723 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 70550 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-8 | | 16723 | ശ്രീമതി.മിത്ര.വി.<br>രവീന്ദ്രൻ അസി.എൻജിനീയർ<br>സൗപർണ്ണചശ,വെള്ളച്ചാൽ,കോടക്കാട്.പി.ഒ,കാസർഗോഡ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 70550 | ശ്രീമതി.മായ .പി. (ഹെഡ്മിസ്ട്രസ്സ്) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മിത്ര.വി.<br>രവീന്ദ്രൻ അസി.എൻജിനീയർ | | സൗപർണ്ണചശ,വെള്ളച്ചാൽ,കോടക്കാട്.പി.ഒ,കാസർഗോഡ് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.റ്റി.ഡി/ജി.പി 6/(എ)116/87/98/3.7.2000 | 2 |
| 1999-00 | എൽ.എഫ്.റ്റി.ഡി/ജി.പി 2/21013/03/1.7.2003 | 9 |
| 2000-01 | എൽ.എഫ്.റ്റി.ഡി/ജി.പി 2/2126/03 തീ.10.10.2003 | 16 |
| 2001-02 | എൽ.എഫ്.റ്റി.ഡി/ജി.പി 2/760/03 തീ.6.4.2004 | 6 |
| 2002-03 | എൽ.എഫ്.റ്റി.ഡി/ജി.പി 2/1137/04 തീ 2.12.2005 | 19 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.റ്റി.ഡി/ജി.പി 2/1486/05 തീ.17.02.2007 | 7 |
| 2004-05 | എൽ.എഫ്.റ്റി.ഡി/ജി.പി 2/285/08/തീ.16.10.2008 | 7 |
| 2005-06 | എൽ.എഫ്.റ്റി.ഡി/ജി.പി 2/286/08 തീ.16.10.2008 | 4 |
| 2006-07 | എൽ.എഫ്.റ്റി.ഡി/ജി.പി 2/369/2010 തീ. | 2 |
| 2007-08 | എൽ.എഫ്.റ്റി.ഡി/ജി.പി 2/370/2010തീ.31.08.2010 | 12 |
| 2008-09 | എൽ.എഫ്.റ്റി.ഡി/ജി.പി 2/2169/2011 തീ.3.4.2012 | 4 |
| 2009-10 | എൽ.എഫ്.റ്റി.ഡി/ജി.പി 2/2165/11 തീ.3.4.2012 | 7 |
| 2010-11 | എൽ.എഫ്.റ്റി.ഡി/ജി.പി 2/308/13 തീ.5.4.2013 | 6 |
| 2011-12 | എൽ.എഫ്.റ്റി.ഡി/ജി.പി 2/648/2013തീ.9.7.2013 | 9 |
| 2012-13 | എൽ.എഫ്.റ്റി.ഡി/ജി.പി 2/1028/14 തീ.14.01.2015 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി 2/2025/2015/ തീ 7.12.2015 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി 2/1152/2016/ തീ 18.07.2016 | 8 |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ഒപ്പ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ ഈ റിപ്പോർട്ടിൽ (വിശദീകരിച്ചിട്ടുള്ളതും, ചുവടെ) ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകൾ ഒഴികെ, ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകൾ

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. II (a) അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത 9166227/- രൂപയിൽ 5782186/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി വന്ന 3384041/- രൂപ ട്രഷറിയിൽ 31.3.2016 വരെ നീക്കിയിരിപ്പുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ,

ഒപ്പ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്